പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 95

20.01.2014 -ൽ മറുപടിയ്ക്ക്

ഭക്ഷ്യ വസ്തുക്കളുടെ ദുരുപയോഗം തടയൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.മമ്മൂട്ടി<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

(എ) ജനസംഖ്യാ വർദ്ധനവിന് ആനുപാതികമായുള്ള ഭക്ഷ്യ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിലേക്കായി ഭക്ഷ്യ വസ്തുക്കളുടെ ദുരുപയോഗം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഭക്ഷ്യ വസ്തുക്കൾ പാഴാക്കാതിരിക്കുന്നതിനും ഭക്ഷ്യ വിഭവങ്ങൾ മിച്ചമുണ്ടെങ്കിൽ അവ സംരക്ഷിച്ച് ആവശ്യക്കാർക്ക് എത്തിച്ചുകൊടുക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഭക്ഷണം പാഴാക്കുന്നതിന്റെ ദൂഷ്യ വശങ്ങളെക്കുറിച്ച് സ്കൂൾ തലത്തിൽ ബോധവൽക്കരണം നടത്താനുള്ള പദ്ധതികളെന്തെങ്കിലും നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കുമോ?

(എ), (ബി) & (സി) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന എല്ലാ അംഗീകൃത ഉപഭോക്തൃ സന്നദ്ധ സംഘടനകൾ മുഖാന്തിരം, ഭക്ഷണം പാഴാക്കുന്നതിനെതിരെ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് സംഘടനകളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രാരംഭ ഘട്ടമായതിനാൽ സംഘടനകൾക്ക് പ്രത്യേക ധന സഹായമൊന്നും നൽകുന്നില്ല. പ്രാരംഭ പരിപാടികളുടെ റിപ്പോർട്ട് പരിഗണിച്ച് തുടർപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നിന് സംഘടനകൾക്ക് ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. കൂടാതെ ഇത്തരം ബോധവൽക്കരണ പരിപാടികൾ സ്കൂൾ കൺസ്യൂമർ ക്ലബ്ബുകൾ വഴിയും നടപ്പിലാക്കുന്നതാണ്. പഴവർഗ്ഗങ്ങളുൾപ്പെടെയുള്ളവയുടെ ദുരുപയോഗം തടയുന്നതിനും അവ പാഴാകാതെ സംരക്ഷിക്കുന്നതിനും കോന്നിയിലുള്ള CFRD യുടെ ഫുഡ് പ്രോസസിംഗ് ട്രെയിനിംഗ് സെന്റർ, മലബാർ റൂറൽ ഡവലപ്മെന്റ് ഫൌണ്ടേഷൻ, കോഴിക്കോട് എന്നിവ മുഖേന വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു.

സെക്ഷൻ ഓഫീസർ